(സി) ഇപ്രകാരമൊരു സമ്പ്രദായം നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

104 (1013) വൈദ്യുതി വാങ്ങൽ നടപടി

ശ്രീ. പി.ജെ. ഫ്രാൻസിസ് :

ഡോ.എം.എ.കുട്ടപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998 മുതൽ സംസ്ഥാനത്തിന്റെ ആവശ്യത്തിനായി കിഴക്കൻ മേഖലയിൽ നിന്നും വൈദ്യുതി വാങ്ങുകയുണ്ടായോ;

(ബി) എങ്കിൽ എത്ര വൈദ്യുതി വാങ്ങി;

(സി) ഈ ഇടപാടിൽ എന്ത് നഷ്ടം ഉണ്ടായിട്ടുണ്ട്;

(ഡി) വീണ്ടും കിഴക്കൻ മേഖലയിൽ നിന്നും വൈദ്യുതി വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ എത്ര യൂണിറ്റ്;

(എഫ്) ഇതുമൂലം നഷ്ടമുണ്ടാകുമോ;

(ജി) എങ്കിൽ ആ നഷ്ടം എപ്രകാരം പരിഹരിക്കാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2/98 മുതൽ 7/98 വരെ വൈദ്യുതി വാങ്ങിയിട്ടുണ്ട്.

(ബി) 386.01 ദശലക്ഷം യൂണിറ്റ്.

(സി) 33 കോടി രൂപ പ്രസരണനഷ്ടം കഴിച്ചുള്ള 328 ദശലക്ഷം യൂണിറ്റ് വൈദ്യുതി, ലൈൻ ലോസ്സും വിലിംഗ് ചാർജ്ജുമൊക്കെ കണക്കിലെടുത്ത് 3 രൂപ 20 പൈസയ്ക്ക് ഒരു യൂണിറ്റ് വൈദ്യുതി വാങ്ങിയിട്ട്, വ്യവസായങ്ങൾ ഒഴിച്ചുള്ള ഉപഭോക്താക്കൾക്ക് 1 രൂപ 36 പൈസ നിരക്കിൽ നൽകിയതിനാൽ നഷ്ടമുണ്ടായി.

(ഡി) കിഴക്കൻ മേഖലയിൽ നിന്നും കേന്ദ്ര വിഹിതമായി അർഹതയുള്ള വൈദ്യുതി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) കിഴക്കൻ മേഖലയിൽ നിന്നും ദക്ഷിണ മേഖലയിലേക്ക് ലഭ്യമാക്കുന്ന വൈദ്യുതിയുടെ 15 (പതിനഞ്ച്) ശതമാനം (കേരളത്തിന് അർഹമായത്).

(എഫ്) ഇല്ല.

(ജി) ചോദ്യം ഉദിക്കുന്നില്ല.

105 (1014) കായംകുളം താപനിലയത്തിനു വേണ്ടി കുടി ഒഴിപ്പിക്കപ്പെട്ടവർ

ശ്രീ. എം. മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം താപനിലയത്തിന്റെ പ്രവർത്തനത്തിനു വേണ്ടി എത്ര പേരെ ഒഴിപ്പിക്കേണ്ടതായി വന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവരെ പുനരധിവസിപ്പിക്കുവാൻ എന്തു ചെലവ് വേണ്ടി വരും;

(സി) ഇവരെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ എന്തെങ്കിലും സഹായം നൽകാമെന്നേറ്റിരുന്നുവോ;

(ഡി) എങ്കിൽ എന്തെല്ലാം സഹായങ്ങൾ;

(ഇ) ഈ സഹായം നൽകിയോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) കായംകുളം താപനിലയത്തിനുവേണ്ടി വീടും സ്ഥലവും ഉള്ള 63 പേരെയും സ്ഥലം മാത്രമുള്ള 1066 പേരെയും ഒഴിപ്പിക്കേണ്ടി വന്നു.

(ബി) വീടും സ്ഥലവും ഉള്ളവർക്ക് സ്ഥലത്തിന്റെയും വീടിന്റെയും വില കൂടാതെ 1.50 ലക്ഷം രൂപ വീതം ഓരോരുത്തർക്കും നൽകുകയും, കൂടാതെ സ്ഥലം മാത്രം ഒഴിപ്പിക്കേണ്ടി വന്നവർക്ക് ഇതുവരെ 5.62 കോടി രൂപ വിവിധ പ്രകാരം എൻ.ടി.പി.സി. നൽകിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി&ഇ) ചോദ്യം ഉദിക്കുന്നില്ല.

106 (1015) ഇലക്ട്രിസിറ്റി വർക്കർ തസ്തിക

ശ്രീ. എം.കെ. മുനീർ :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. പി.കെ. അബ്ദുറബ്ബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995 മാർച്ച് 1-ാം തീയതിക്കുശേഷം ഇലക്ട്രിസിറ്റി വർക്കർ (മസ്ദൂർ) തസ്തികയിൽ പി.എസ്.സി. മുഖേന എത്രപേരെ നിയമിച്ചു;

(ബി) ഓരോ ജില്ലയിലും നിയമനം ലഭിച്ചവരുടെ വിശദമായ ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) അപ്രകാരം നിയമനം ലഭിച്ച എത്രപേർക്ക് സബ് എഞ്ചിനീയർ (സിവിൽ/ഇലക്ട്രിക്കൽ) ആയും കാഷ്യർ ആയും പ്രൊമോഷൻ നൽകി; വിശദമായ കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) 4969 പേരെ നിയമിച്ചു.

(ബി) ലിസ്റ്റ് അനുബന്ധം-I ആയി ചേർത്തിട്ടുണ്ട്.†

(സി) ഇപ്രകാരം നിയമനം ലഭിച്ചവർക്ക് സബ് എഞ്ചിനീയർ (സിവിൽ/ഇലക്ട്രിക്കൽ) ആയി പ്രമോഷൻ നൽകിയിട്ടില്ല. എന്നാൽ കാഷ്വൽ തസ്തികയിലേയ്ക്ക് 44 പേർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്. ഈ 44 പേരുടെ ലിസ്റ്റ് അനുബന്ധം-II ആയി വച്ചിട്ടുണ്ട്†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.
† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly